സെന്റർ താലൂക്കാശുപത്രിയായി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കുവാൻ നിലവിലുള്ള മാനദണ്ഡമനുസരിച്ച് നിർവ്വാഹമില്ല.

135 (135) അഴീക്കോട് ഹെൽത്ത് സെന്റർ

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി സെന്ററായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സാമൂഹ്യാരോഗ്യകേന്ദ്രം നിലവിലില്ലാത്ത ബ്ലോക്കുകളിൽ, ബ്ലോക്കുതല പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ പദ്ധതിവിഹിതം അനുസരിച്ച് ഘട്ടംഘട്ടമായി ഉയർത്തുക എന്നതാണ് നിലവിലുള്ള സർക്കാർ നയം. അഴീക്കോട് ബ്ലോക്കിൽ സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ അഴീക്കോട് പി.എച്ച്.സി.യെ പദ്ധതി വിഹിതം ലഭിക്കുന്ന മുറയ്ക്ക് സി.എച്ച്. സി.യായി ഉയർത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

136 (136) സർക്കാർ ആശുപത്രി കെട്ടിടങ്ങൾ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾ പഴകിപ്പൊളിഞ്ഞ കെട്ടിടങ്ങളിൽ പ്രവർത്തനം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) എവിടെയെല്ലാം വാടകക്കെട്ടിടങ്ങളിൽ സർക്കാർ ആശുപത്രികൾ നടത്തുന്നു;

(ഡി) ഈ ആശുപത്രികൾക്കുവേണ്ടി ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടങ്ങൾ പണിയുവാൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ പണി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)& (ബി) ചില കെട്ടിടങ്ങൾ പഴക്കമുള്ളവയാണ്.

(സി) ഉത്തരം അനുബന്ധമായി ചേർക്കുന്നു[+]

(ഡി)&(ഇ) മെഡിക്കൽ കോളേജ്/ജില്ലാ/ജനറൽ ആശുപത്രികളൊഴികെയുള്ള ആരോഗ്യ വകുപ്പിലെ വിവിധ സ്ഥാപനങ്ങളുടെ പൂർണ്ണമായ നിയ

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ന്ത്രണവും നടത്തിപ്പും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി യിട്ടുണ്ട്. അതിനാൽ ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇതിനാ വശ്യമായ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

137 (137) ഔഷധങ്ങളുടെ വില

ശ്രീമതി രാധാരാഘവൻ :

ശ്രീ. കെ. പി. വിശ്വനാഥൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവൻ രക്ഷാ ഔഷധങ്ങളുടെ വില ക്രമാതീത മായി വർദ്ധിച്ച വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം രോഗികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കണക്കി ലെടുത്ത് സർക്കാർ എന്തെക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെ ടുത്തുമോ?

ഉത്തരം

(എ) ചില മരുന്നുകളുടെ വിലയിൽ സാരമായ വർദ്ധനവ് ഉണ്ടായിട്ടു ള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ചുള്ള ന്യായ വില മെഡിക്കൽ സ്റ്റോറുകൾവഴി കഴിയുന്നത്ര വിലകുറച്ച് മരുന്നുകൾ വിൽക്കുന്നുണ്ട്. വിലനിയന്ത്രണം കേന്ദ്രസർക്കാരിന്റെ മാത്രം അധികാര പരിധിയിൽപ്പെടുന്ന കാര്യമായതിനാൽ വിലവർദ്ധനവ് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഇൻസുലിൻ ഇൻജക്ഷന്റെ വില വർദ്ധനവ് പുനഃപരിശോധിക്കാൻ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്ക് നിർദ്ദേശം നൽകു വാനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

138 (138) ഔഷധങ്ങളുടെ കൃത്യത

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡിപ്പാർട്ട്മെന്റ് സ്ഥാപന ങ്ങളിൽ ഔഷധങ്ങളുടെ കൃത്യത തിട്ടപ്പെടുത്തുന്നത് എന്ത് യോഗ്യതയുള്ളവ രാണെന്ന് വ്യക്തമാക്കുമോ.

(ബി) ഇതിൽ അപാകതയുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(സി) കൃത്യത പരിശോധിക്കുന്നതിന് യോഗ്യതയുള്ള എത്രപേർ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ഐ.എസ്.എം. ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങ ളിൽ ആവശ്യമായ ഔഷധങ്ങൾ പൊതുമേഖലാ സ്ഥാപനമായ ഔഷധിയിൽ നിന്നുമാണ് വാങ്ങുന്നത്. ആയതിനാൽ ഔഷധങ്ങളുടെ കൃത്യത തിട്ടപ്പെടു ത്തുന്നതിന് പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആയുർവേദ ഔഷ

LIBRARY ARCHIVES Kerala Legislative Assembly